2022
ജൂൺ 10
വാല്യം 01
ലക്കം 02
സൗജന്യ ഓൺലൈൻ ക്രൈസ്തവ മാസിക

ക്രൈസ്തവ മാസിക
# പ്രചാരം
പ്രസക്തം★പ്രസ്താവ്യം★ പ്രതിപാദ്യം

വാർത്തകൾ
ലേഖനങ്ങൾ
കഥകൾ
ഭാവനകൾ
അനുഭവങ്ങൾ

e-mail: pracharamc@gmail.com
INDIA • UAE • UK • CANADA
Pracharam Christian Magazine

# 103 ദിവസം 127 അതിക്രമം

cover story

ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു എക്യൂമെനിക്കൽ ഗ്രൂപ്പായ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം (യു.സി.എഫ്) റിപ്പോർട്ട് ചെയ്തത് അനുസരിച്ച്, 2022ലെ ആദ്യ 103 ദിവസങ്ങളിൽ ഇന്ത്യയിൽ ക്രൈസ്തവർക്ക് എതിരെ 127 അതിക്രമങ്ങൾ നടന്നു. പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ള പ്രത്യേക ടോൾ ഫ്രീ നമ്പർ വഴിയാണ് അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തത്.

യു.സി.എഫ്-ൻെറ പഠനം അനുസരിച്ച് 2022 ജനുവരിയിൽ 40ഉം, ഫെബ്രുവരിയിൽ 35ഉം, മാർച്ചിൽ 34ഉം ഏപ്രിൽ മാസത്തിൽ 18ഉം അക്രമണങ്ങൾ ആണ് നടന്നത്. 68 പള്ളികൾ ആക്രമിക്കപ്പെടുകയും, 367 സ്ത്രീകൾക്കും 366 കുട്ടികൾക്കും പരിക്കേൽക്കുകയും ചെയ്തു. 127 ആക്രമണങ്ങളിൽ 82 എണ്ണവും കൂട്ടആക്രമണങ്ങൾ ആയിരുന്നു നടന്നത്. വിവിധ കോടതികളിലായി 42 കേസുകൾ നിലനിൽക്കുന്നുണ്ട്.




ഇന്ത്യൻ ഭരണഘടനയുടെ 25-28 ആർട്ടിക്കിൾ ഉറപ്പ് നൽകുന്ന മൗലികാവകാശത്തെ ചോദ്യം ചെയ്യുന്നതാണ് ക്രിസ്ത്യാനികൾക്കെതിരായ ഈ ആക്രമണങ്ങൾ. ക്രിസ്ത്യാനികളെ ആക്ര

ശേഷം പേജ്: 3ൽ




യു.എ.ഇ.-യിൽ ഓൺലൈൻ ഇലക്ട്രോണിക് ബ്ലാക്ക് മെയിലിംഗിന് കടുത്ത ശിക്ഷ ഏർപ്പെടുത്തിയതായി പബ്ലിക്ക് പ്രോസിക്യൂഷൻ അറിയിച്ചു.

നിയമലംഘകർക്ക് പിഴയും ജയിൽ ശിക്ഷയും ലഭിക്കും. ഇലക്സ്ട്രോണിക്ക് കുറ്റകൃത്യങ്ങളും കിംവദന്തികളും ചെറുക്കുന്നതിനുള്ള 2021ലെ 42-ാം നമ്പർ ഫെഡറൽ നിയമത്തിലെ ആർട്ടിക്കിൾ 34ൽ പിഴകൾ വിശദമാക്കിയിട്ടുണ്ടെന്ന് അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കുറ്റവാളികൾക്ക് കുറഞ്ഞത് രണ്ടര ലക്ഷം ദിർഹം പിഴചുമത്തും. എന്തെങ്കിലും പ്രവർത്തി ചെയ്യാനോ, എന്തിൽ നിന്നെങ്കിലും ഒഴിവായി നിൽക്കാനോവേണ്ടി ആരെയെങ്കിലും ഡാറ്റാ നെറ്റ് വർക്കോ, വിവരസാങ്കേതിക വിദ്യയോ ഉപയോഗിച്ച് ബ്ലാക്ക്മെയിൽ ചെയ്താൽ രണ്ട് വർഷം ജയിലോ രണ്ടര മുതൽ അഞ്ച് ലക്ഷം ദിർഹം വരെ പിഴയോ ലഭിക്കും. എന്തെങ്കിലും വിധകുറ്റകൃത്യം ചെയ്യാനായിട്ടാണ് ബ്ലാക്ക്മെയിൽ ചെയ്യുന്നതെങ്കിൽ 10 വർഷംവരെ ജയിൽ ശിക്ഷ ലഭിക്കും.

## ഒളിവിടം കണ്ടെത്തി



ആദിമ ക്രൈസ്തവർ റോമാ സാമ്രാജ്യത്തിൻെറ പീഢനം ഭയന്ന് ഒളിവിൽ പാർത്ത രഹസ്യനഗരങ്ങളിൽ ഒന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തി. തെക്ക് കിഴക്കൻ തുർക്കിയുടെ മാർഡിൻ പ്രവിശ്യയിലെ മിദ്യത് ജില്ലയിൽ നടത്തിയ ഗവേഷണത്തിൽ ആണ് നഗരാവശിഷ്ടങ്ങൾ കണ്ടെത്തിയത്. 200 വർഷം പഴക്കമുള്ള ഈ ചെറു നഗരം ഭൂമിക്കടിയിൽ നിന്നും കണ്ടെത്തിയിട്ട് രണ്ട്വർഷം ആയെങ്കിലും, ഇപ്പോഴാണ് ഗവേഷകർ ഈ വിവരം പരസ്യപ്പെടുത്തുന്നത്.

50 മുറികളുള്ള ഈ കോപ്ലക്സിലെ ഒരു ഗുഹയും തുടർന്നുള്ള വിശാലമായ തുരങ്കവും ആണ് പ്രാരംഭത്തിൽ കണ്ടെത്തിയത്. ഈ മുറികൾ വീടുകളായും, ആരാധനാലയമായും ഉപയോഗിച്ചിരുന്നു. റോമൻ കാലഘട്ടത്തിലെ നാണയങ്ങളും സുവിശേഷത്തിൽ വിശദീകരിക്കുന്ന എണ്ണവിളക്കുകളും, ജലം സംഭരിച്ചുവെക്കുന്ന കിണറുകളും ഇവിടെ കണ്ടെത്തി. ഏകദേശം 70000 ആളുകൾ ഇവിടെ താമസിച്ചിരുന്നതായി കണക്കാക്കുന്നു.

## പാസ്റ്റർ സതീഷ് മാത്യു ചുമതലയേറ്റു



ഐപിസി ഫിലദൽഫിയ ദുബായ് സഭയുടെ ശുശ്രൂഷകനായി പാസ്റ്റർ സതീഷ് മാത്യു നിയമിതനായി. മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ കുഴിപ്പതാലിൽ കെ. സി മാത്യു-അന്നമ്മ ദമ്പതികളുടെ മകനാണ്. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്നും ബി.

ശേഷം പേജ്: 6ൽ




ദുബായ് റോഡ്സ് & ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ഏറ്റവും പുതിയ അറിയിപ്പ് പ്രകാരം മെയ് 19, 2020 മുതൽ 4 ഇൻററസിറ്റി ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കപ്പെടും. അൽ ഗുബൈബ ബസ് സ്റ്റേഷനിൽ നിന്ന് അബുദാബിയിലേയ്ക്കും (ഇ100), അൽ-ഐനിലേയ്ക്കും (ഇ201) ഇത്തിസലാത്ത് മെട്രോ സ്റ്റേഷനിൽ നിന്ന് ഷാർജ മുവൈലെയിലേക്കും (ഇ315), ഇത്തിഹാദ് ബസ് സ്റ്റേഷനിൽ നിന്ന് ഫുജൈറെയ്ക്കും (ഇ700) എന്നീ നാല് ഇൻററസിറ്റി ബസ്റൂട്ടുകൾ ആണ് ദുബായിൽ നിന്നും പുനഃരാരംഭിക്കുന്നത്. കോവിഡ് വ്യാപനത്തെ തുടർന്നായിരുന്നു

ശേഷം പേജ്: 6ൽ

പത്രാധിപലേഖനം



അണിയറ പ്രവർത്തകർ

**Chief Editor :**
Pr. Saji Chacko
**Sub Editor :**
Br. Anil Ayoor
**Managing Editor :**
Br. Renji Charalel
**Secretary :**
Br. Robins Keechery
**Publisher :**
Pr Manu K Chacko
**Editors**
Pr. Sam Adoor
Br. Mathew C Joy
**Co-Ordinator Goa :**
Pr. Manu K Chacko
**Co-Ordinatior Kerala :**
Br. Ajimon K Varghese
Br. Gadish
**Co-Ordinatior UAE :**
Br Benny Abraham
**Co-Ordinatior UK :**
Br. Peter Das
**Co-Ordinatior Canada :**
Br. Joel S Chacko
**Co-Ordinatior Australia:**

# ആത്മഹത്യ പുരോഹിതരിലും!



ഉൾകിടലത്തോടെ വായിച്ച ഒരു വാർത്തയാണീ കുറിപ്പിനാധാരം. ആലപ്പുഴയിൽ 65 വയസുള്ള പള്ളി വികാരിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്രെ. സ്ഥലം മാറ്റത്തോടുള്ള ബന്ധത്തിൽ വികാരി മാനസീക സമ്മർദ്ധത്തിലായിരുന്നു എന്നാണ് അറിയുവാൻ കഴിഞ്ഞത്. അൽമായരെ ക്രിസ്തുവിങ്കലേയ്ക്ക് അടുപ്പിക്കുന്നവൻ ആയിരുന്നിട്ടും സമ്മർദ്ധങ്ങളെ അതിജീവിക്കുവാൻ അദേഹത്താൽ സാദ്ധ്യമായില്ല.

8 മുതൽ 10 ലക്ഷംവരെ ആളുകൾ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നു. 1 മുതൽ 2 കോടിവരെ ആത്മഹത്യശ്രമങ്ങൾ പരാജയപ്പെടുന്നുമുണ്ട്. മരണം ഉണ്ടാകുവാനുള്ള പല കാരണങ്ങളിൽ പത്താം സ്ഥാനം ആത്മഹത്യയ്ക്കാണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ ആത്മഹത്യയിൽ മുൻനിരയിലും, നാലിരട്ടി സാദ്ധ്യത കൂടുതലും ആണ്. ഇൻഡ്യയിൽ മണിക്കൂിൽ ശരാശരി 15പേർ അഥവ ദിവസം 371പേർ വരെ ആത്മഹത്യ ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പി ക്കുന്നത്.

ഇൻഡ്യയിൽ ഏറ്റവും അധികം ആത്മഹത്യാ നിരക്കുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ ആത്മഹത്യകളിൽ 14.3 ശതമാനവും മാനസികാസ്വാസ്ഥ്യം മൂലമാണെന്ന് ഹിന്ദു ദിനപത്രം സൂചിപ്പിക്കുന്നു.

ആത്മഹത്യ പാപമാണെന്ന് ക്രിസ്തുമതം പഠിപ്പിക്കുന്നു. ബൈബിളിനപ്പുറമായി സെയ്ൻറ് അഗസ്റ്റിൻ, സെയിൻറ് തോമസ് അക്വിനാസ് എന്നിവരുടെ രചനകളിൽ ശക്തമായി ആത്മഹത്യയെ വിമർശിച്ചിരിക്കുന്നു. പത്തു കൽപനയിൽ ആറാമത്തേതായ കുലചെയ്യരുത് എന്നത് സ്വന്തജീവൻെറ കാര്യത്തിലും ബാധകമാണ്. യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്ന് 1 യോഹ 3: 15ൽ വായിക്കുന്നു. ഒരു ദൈവപൈതൽ തൻെറ ജീവിതം സ്വയം നിഗ്രഹിക്കുവാൻ തുനിയുകയില്ല. ഒരാൾ എപ്പോൾ മരണം വരിക്കണം എന്നത് ദൈവത്തിൻെറ അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ്.

ഇതൊക്കെ അറിഞ്ഞിട്ടും എന്തുകൊണ്ട് ക്രൈസ്തവർക്കിടയിലും ആത്മഹത്യപെരുകുന്നു? സത്യവഴികാട്ടികളായ പുരോഹിതർപോലും എന്തുകൊണ്ട് ആത്മഹത്യയിൽ അഭയം തേടുന്നു?

പലപ്പോഴും നമ്മൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്ന നമ്മുടെ വാശികളും നിർബന്ധബുദ്ധികളും അവരെ എത്ര ആഴത്തിൽ മാനസീകമായി മുറിവേൽപ്പിക്കുന്നു എന്ന് നമ്മൾ ചിന്തിക്കാറുണ്ടോ? പുറമെ ചിരിക്കുമ്പോഴും അകമേ അവർ കരയുന്നത് മനസ്സിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ആരോഗ്യം, സാമ്പത്തീകം, ബന്ധങ്ങൾ, സ്ഥാനങ്ങൾ തുടങ്ങി ഒട്ടനേകം വിഷയങ്ങളിൽ ഉണ്ടാകുന്ന പാളിച്ചകൾ ഒരുവ്യക്തിയെ മാനസികമായി തകർത്തേക്കാം, ആത്മഹത്യയിലേയ്ക്ക് നയിച്ചേക്കാം.

വെറുതേ ഒരു പുഞ്ചിരി പൊഴിക്കുന്നതു പോലും ഒരാളെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിച്ചേക്കാം. ആത്മഹത്യചെയ്യാൻ തീരുമാനിച്ച് കതക് അടക്കുവാനായി വീടിൻെറ മുൻവശത്തേയ്ക്ക് വന്ന വ്യക്തിയോട്, ആ വഴിപോയ ഒരാൾ ചിരിച്ചുകൊണ്ട് വിശേഷങ്ങൾ ചോദിച്ചു. തൻെറ വിശേഷങ്ങൾ അറിയാൻ ഇനിയും ഭൂമിയിൽ ആരൊക്കെയോ ഉണ്ടെന്ന തിരിച്ചറിവ് അവരുടെ കണ്ണുതുറന്നു. അവരോട് ചിരിച്ച വ്യക്തി കോഴഞ്ചേരിയിൽ ഒരു ബൈക്ക് ആക്സിഡൻറിൽ മരണപ്പെട്ടെങ്കിലും, ആത്മഹത്യചെയ്യാൻ ചിന്തിച്ച വ്യക്തി ഇന്നും ജീവിച്ചിരിക്കുന്നു!. അതേ ഒന്നു പുഞ്ചിരിച്ചാൽ, തോളിൽ ഒന്ന് തട്ടിയാൽ, സാരമില്ലെന്ന് പറഞ്ഞാൽ, ഒന്ന് ചേർത്ത് പിടിച്ചാൽ, കൂടെ ഉണ്ടെന്ന് പറയാൻ മനസ്സായാൽ.... ഒരു പക്ഷെ ചിലരുടെ പുഞ്ചിരി കൊഴിഞ്ഞു പോകാതെ ഇനിയും ജീവനോടെ അവരെ കാണുവാൻ നമുക്ക് സാധിക്കും. കൈയെത്തും ദൂരത്തു നിന്നും ആരും നഷ്ടപ്പെട്ടു പോകാതെ ഇരിക്കാൻ നമുക്കവരെ ചേർത്തുപിടിക്കാം. പുഞ്ചിരിക്കു പിന്നിലെ വേദന തിരിച്ചറിയുന്നവരായി തീരാം.

# മതം മനുഷ്യനെ മയക്കുന്ന കറുപ്പോ?





ബിജു എബ്രഹാം
അറ്റ്ലാൻറാ

കാറൽ മാർക്സിൻെറ പ്രസിദ്ധമായ ഒരു ഉദ്ധരണിയാണ് ‘മതം മനുഷ്യനെ മയക്കുന്ന കറുപ്പ്’ എന്നത്. സാമൂഹിക പരിഷ്കരണത്തിനുവേണ്ടി, ഉച്ചനീചത്വങ്ങൾക്ക് എതിരെ വിപ്ലവത്തിൻെറ കാഹളം മുഴക്കിയ ആ നവീന ആശയങ്ങൾ അതിവേഗം കത്തിപടർന്നു. അപ്പം വിശക്കുന്നവൻെറ അവകാശം എന്ന നൂതനപ്രയോഗത്തെ അനേകർ നെഞ്ചിലേറ്റി. അദ്ധ്വാനിക്കാതെ, വിയർക്കാതെ അപ്പം ഭക്ഷിച്ചവർ, മതാചാര്യന്മാർ ഉൾപ്പെടെ ഉള്ളവർ പുതുപ്രസ്ഥാനത്തിൻെറ കണ്ണിൽ കരടുകൾ ആയി മാറി. ‘മതം’ എന്ന വാക്കിൻെറ അർത്ഥം അഭിപ്രായം എന്നാണ്. സമകാലീന മതങ്ങൾ ചൂഷകരാൽ ചൂഷകർക്കായി സൃഷ്ടിക്കപ്പെട്ടതാണ് എന്ന വാദം പ്രബലപ്പെട്ടു. അങ്ങനെയാണ് കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനിൽ നിന്നും ‘മതം മനുഷ്യനെ മയക്കുന്ന കറുപ്പ്’ എന്ന വാക്കുകൾ പുറത്തു വന്നത്. ‘മതങ്ങൾ’ എന്നും അപ്രമാധിത്വം ഉള്ള, ആരാലും ചോദ്യം ചെയ്യപ്പെടാൻ സാധിക്കാത്ത ഒന്ന് എന്ന വാദത്തിന് ഒരു അപവാദം എന്നോണം ചരിത്രത്തിൽ യേശുക്രിസ്തു ഒരു വിപ്ലവത്തിൻെറ (മാറ്റത്തിൻെറ) സുവർണ്ണകാഹളം ഊതി. മതാചാര്യന്മാർ, പ്രമാണികൾ ന്യായപ്രമാണത്തിൻെറ അളവുകോലിൽ സർവ്വവും അളന്ന് കുറിച്ചപ്പോൾ, യേശുതമ്പുരാൻ ദൈവാരാധന മാത്രം ഉയരേണ്ട ദൈവാലയത്തിലെ, ക്രയവിക്രയം നടത്തുന്നവരെ നിർദ്ദയം പുറത്താക്കി. സമൂഹത്തിൻെറ കണ്ണിൽ ചെറുതായി കണ്ടിരുന്ന ജനസഞ്ചയത്തിൻെറ നടുവിലൂടെ ദൈവപുത്രൻ സഞ്ചരിക്കുന്നു. മതം ദൈവത്തെ ദൈവാലയത്തിൻെറ ചുമരുകൾക്കുള്ളിൽ ഒതുക്കി നിർത്തുവാൻ ശ്രമിച്ചപ്പോൾ, മാനവജാതിയെ സമൂലം വീണ്ടെടുക്കുവാൻ വന്ന സാക്ഷാൽ ദൈവപുത്രൻ ഇതാ സാധാരണക്കാരോടൊപ്പം നാമധേയ മതപ്രമാണികൾക്ക് ഒരു വെല്ലുവിളിയായി ദൈവാലയത്തിനു പുറത്ത് ദൈവീക സന്ദേശങ്ങൾ വിളിച്ചു പറയുന്നു... ‘ചെവിയുള്ളവർ കേൾക്കട്ടെ’ അവൻെറ ജനനം പോലും ഒരു നിത്യവിസ്മയമായി നിലനിൽക്കുന്നു. കന്യകാസുതനായി ഒരു കാലിതൊഴുത്തിൽ ദൈവപുത്രൻ ജനിച്ചു. ‘അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം’ എന്ന ആദ്യത്തെ ദൈവീക അഭിവാദനങ്ങൾ ഏറ്റുവാങ്ങിയതും സാധാരണക്കാരായ ഇടയന്മാരായിരുന്നു. എന്നാൽ ആ ശിശുവിനെ നമിക്കുവാൻ ദൂരെ നിന്നും വിദ്വാന്മാർപോലും വന്നെത്തി. അവർ അവന് മുൻപിൽ സമ്മാനമായി കാഴ്ച്ചവെച്ചതോ പൊന്നും മൂരും കുന്തിരിക്കവും (രാജത്വവും, പൗരോഹിത്വവും)! പ്രതീകാത്മകമായി സാക്ഷാൽ ദൈവപുത്രൻെറ മുൻപിൽ അവർ വണങ്ങി നിന്നു. മതമേധാവികൾക്ക് ഒരു വെല്ലുവിളിയായി അവൻ വളർന്നു. വിസ്മയത്താൽ എല്ലാവരും ഒരുപോലെ ചോദിച്ചു, ‘ഇവൻ ആർ’? കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നു. ഭൂതങ്ങൾ അവൻെറ മുൻപിൽ അലറി ഓടി. കുരുടർക്ക് അവൻ കാഴ്ച്ചയേകി, മുടന്തരെ കൈപിടിച്ചുയർത്തി, വിശക്കുന്നവർക്കവൻ ആഹാരം നൽകി. ആരാണിവൻ? ‘മതം’ ഉറക്കെ ചോദിച്ചു, ‘ഇവൻ യോസഫിൻേറയും മറിയയുടെയും പുത്രനല്ലയോ’? എന്നാൽ എക്കാലവും മതത്തിൻെറ വെളിയിൽ നിൽക്കുന്ന ‘മാർഗമായ’ [വഴി] യേശു വിളിച്ചു പറഞ്ഞു ‘.... ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു’. അവനെ മനസിലാക്കുന്നവർ ഭാഗ്യമുള്ളവർ. യേശുവിൻെറ ‘മാർഗ്ഗം’ മനുഷ്യനെ മയക്കുന്ന കറുപ്പ് അല്ല; അത് നൈമഷികമായ ഒരു ലഹരിയല്ല; പ്രത്യുതാ നിത്യതയോളം നിലനിൽക്കുന്ന ഒരു അനുഭവത്തിൻെറ ഉദാത്തഭാവമാണ്. ‘മതം’ യേശുവിനെ ക്രൂശിച്ചു എന്നാൽ അവൻ ഒരു ‘മാർഗമായി’ മാനവജാതിയുടെ രക്ഷക്കായി എന്നേക്കും നിലകൊള്ളുന്നു.

(ലേഖകൻ വിഖ്യാത സുവിശേഷ പ്രഭാഷകൻ കാനം അച്ചൻെറ മകൻ ആണ്. ജോലിയോടൊപ്പം പ്രേഷിത പ്രവർത്തനങ്ങളിലും വ്യാപൃതനായിരിക്കുന്ന ശ്രീ ബിജു എബ്രഹാം ക്രൈസ്തവ ഗാനരചനാ രംഗത്തും ശോഭിക്കുന്നു.)

2022
ജൂൺ 10
വാല്യം 01
ലക്കം 02
സൗജന്യ ഓൺലൈൻ ക്രൈസ്തവ മാസിക

# പ്രചാരം

പ്രസക്തം★പ്രസ്താവ്യം★ പ്രതിപാദ്യം

വാർത്തകൾ
ലേഖനങ്ങൾ
കഥകൾ
ഭാവനകൾ
അനുഭവങ്ങൾ

e-mail: pracharamc@gmail.com

INDIA • UAE • UK • CANADA

Pracharam Christian Magazine

## പക്ഷി ഭീമൻ നഷ്ടമാകുന്നു

വിമാനതാവളം ഇല്ലാതെ വിമാനം ഉണ്ടായിരുന്നുവെന്ന ഖ്യാതി ഉം-അൽ-ക്വയ്നിന് നഷട്മാകാൻ മാസങ്ങൾ മാത്രം. ബരാക്കുട ബീച്ചിനു സമീപം രണ്ട് ദശകങ്ങൾ ആയി ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടിരുന്ന റഷ്യൻ വിമാനം പൊളിച്ചു നീക്കാൻ ശ്രമം തുടങ്ങി. 153 അടി നീളമുള്ള ദ് ഇല്യൂഷിൻ ഐ എൽ 76 എന്ന ഈ വ്യോമഭീകരനെ പൂർണ്ണമായി പൊളിച്ചുനീക്കാൻ കുറഞ്ഞത് പത്ത് ആഴ്ച്ച സമയം വേണ്ടിവന്നേക്കും എന്നാണ് വിദഗ്ധാഭിപ്രായം.



1959 മുതൽ സോവിയറ്റ് യൂണിയന്റെ യുദ്ധവിമാനങ്ങളിലെ പ്രധാന പോരാളിയായിരുന്ന ഐ എൽ 76 പിന്നീട് റഷ്യയുടെ വ്യോമസേനയിൽ ഉൾപ്പെടുകയായിരുന്നു. 90കളിൽ ഡീക്കമ്മീഷൻ ചെയ്തപ്പോൾ കുപ്രസിദ്ധ ആയുധ വ്യാപാരിയായ വിക്ടർ ബൂട്ടിന്റെ എയർ സെസ് എന്ന സ്ഥാപനം ഈ വിമാനം സ്വന്തമാക്കി. ഷാർജയിൽ നിന്നും മുൻപ് സർവ്വീസ് നടത്തിയിരുന്ന എയർ സെസിന്റെ വിമാനങ്ങളിൽ ആയുധം കടത്തുന്നതിനായി ഉപയോഗിക്കുന്നു എന്ന ആരോപണം ശക്തമായതെ തുടർന്ന് രണ്ടായിരത്തിൽ വിക്ടറിനെ യു എ ഇ രാജ്യത്ത് പ്രവേശിക്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്തി.

ഇയാൾ അമേരിക്കയിൽവെച്ച് 2008ൽ അറസ്റ്റിൽ ആവുകയും 25 വർഷത്തേയ്ക്ക് ശിക്ഷിക്കപ്പെടുകയും ചെയ്തു. അതേ സമയത്ത് ഈ വിമാനം അയാൾ ഒരു പരസ്യ കമ്പനിക്ക് ഈ വിമാനം വിൽക്കുകയും, വിദഗ്ധനായ ഒരു വൈമാനികനെ ഉപയോഗിച്ച് വിമാനം ഇവിടെ നിന്നും മാറ്റാൻ ശ്രമിക്കുകയും ചെയ്തു. എങ്കിലും ഹൈവേയ്ക്ക് സമീപം വിമാനം ഇറക്കുവാൻ മാത്രമേ അദ്ദേഹത്തിനു സാധിച്ചുള്ളു. 20ൽ അധികം വർഷങ്ങളായി സന്ദർശകർക്ക് കൗതകം പരത്തിയ മരുഭൂമിയിലെ ഈ പക്ഷി ഭീമനെ പൊളിച്ചു വിൽക്കുന്നത് ഏത് കമ്പനി ആണെന്ന് വെളിപ്പെടുത്തിയിട്ടില്ല.

## 103 ദിവസം 127.... പേജ് 1ൽ നിന്നും തുടർച്ച

മിക്കുന്നതിന്റെ ഭാഗമായി' നിർബന്ധിത മതപരിവർത്തന"മെന്ന കുറ്റം ആരോപിക്കുന്നുവെങ്കിലും, ലഭ്യമായ കനേഷുമാരിപ്രകാരം പ്രകാരം രാജ്യത്തിന്റെ മുഴുവൻ ജനസംഖ്യയുടെ 2.3%മാത്രം വരുന്ന ക്രിസ്ത്യാനികളുടെ എണ്ണം അടുത്തകാലത്തൊന്നും ക്രമാതീതമായി വർദ്ധിച്ചിട്ടില്ലായ്കയാൽ നിർബന്ധിത മതപരിവർത്തനം നടക്കുന്നതായി തെളിയിക്കുവാനും സാധിച്ചിട്ടില്ല.




Jonathan Samuel Varghese
Northampton, UK

**Across**

2. You shaal not not make for yourself an _____
5. You shall have no other before me.
7. You shall ____ commit adultery.
8. You shall not ____ (kill)
9. You shall not give _____ testimony against your neighbor

**Down**

1. You shall not _____ (to want something that belong to another)
3. _______ your father and your mother.
4. Remember the Sabbath day by keeping it ______.
6. You shall not __ (to take what does not belong to you)
7. You shall not misuse the ____ of the LORD your God.

## പാസ്റ്റർ ഗ്ളാഡ്സൻ ചുമതലയേറ്റു



ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലും, വടക്കേ ഇൻഡ്യയിലുമായി 23 വർഷത്തോളം സഭാപരിപാലനത്തിലെ പരിചയ സമ്പന്നതയുമായി പാസ്റ്റർ ഗ്ലാഡ്സൺ ജോൺ ദുബായ് ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) സഭയിലെ ശുശ്രൂഷകനായി ചുമതല ഏറ്റു.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിക്കടുത്തുള്ള പൂവത്തൂർ ദൈവസഭയിലെ അംഗവും ടി. എം. ജോൺ, അന്നമ്മ ജോൺ ദമ്പതികളുടെ പുത്രനും ആണ് പാസ്റ്റർ ഗ്ലാഡ്സൺ. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ കൊന്നപ്പാറ സഭയിൽ ശുശ്രൂഷകനായിരിക്കെ ആണ് ദുബായിലേയ്ക്ക് ട്രാൻസഫർ ലഭിച്ചത്.

സെക്കുലർ വിദ്യഭ്യാസത്തിനു പുറമെ ബാച്ചിലർ ഓഫ് തിയോളജി, മാസ്റ്റർ ഓഫ് തിയോളജി, ക്രിസ്ത്യൻ കൗൺസിലിംഗ്, ജേണലിസം എന്നിവയിലും പഠനം പൂർത്തീകരിച്ചിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ വിവിധ ഡിപ്പാർട്ട്മെൻറുകളിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള പാസ്റ്റർ ഗ്ലാഡ്സൻ ബൈബിൾ സ്കൂൾ അദ്ധ്യാപകനായും സേവനം അനുഷ്ടിച്ചിട്ടുണ്ട്.

## വചന നീഹാരം 2022

ചോദ്യങ്ങൾ തയ്യാറാക്കിയത്
ബ്രദർ മാത്യൂ സി ജോയി
അബുദാബി



ഉത്തരങ്ങൾ അയക്കേണ്ട വാട്സാപ്പ് നമ്പർ
+971551293434
e-mail: pracharamc@gmail.com

1. വ്യാപാരി ജനം ന... ശിച്ചു പോകുന്നതു... കൊണ്ട് മുറയിടുവാൻ ആഹ്വാനം നൽകപ്പെട്ട ദേശം?
2. തനിക്കു തന്നെ കോട്ട പണിത്, പൊടിപോലെ വെള്ളിയും, വീഥികളിലെ ചെളിപോലെ തങ്കവും സ്വരൂപിച്ച ദേശം?
3. ശീതകാലം കഴിക്കാൻ മിക്കപേരും ആലോചന പറഞ്ഞ തുറമുഖ ദേശം?
4. മിസ്രയീമ്യരുടെ മഹാവിലാപം എന്നു പറഞ്ഞുകൊണ്ട് ദേശത്തിനു ലഭിച്ച പേരെന്ത്?
5. യഹോവയുടെ തീ അവരുടെ ഇടയിൽ കത്തുകയാൽ ലഭിച്ച പേരെന്ത്?
6. 'നിങ്ങൾ പോകരുത്' 'യുദ്ധം ചെയ്യരുത്' എന്ന് പറഞ്ഞിട്ടും യുദ്ധം ചെയ്യാൻ പോയി പരാജയപ്പെട്ട് ഛിന്നിക്കപ്പെട്ടത് എവിടെവരെ?
7. യോർദ്ധാനിൽ നിന്നും എടുത്ത 12 കല്ലുകൾ നാട്ടപ്പെട്ട സ്ഥലം?
8. ഒരു രോമത്തിനുപോലും ഏറുപിഴയ്ക്കാത്ത കവിണക്കാർ ഉണ്ടായിരുന്ന സ്ഥലം?
9. ഈ പരിശുദ്ധദൈവമായ യഹോവയുടെ മുൻപാകെ നിൽപാൻ ആർക്കു കഴിയും? പറഞ്ഞത് ആർ?
10. വെള്ളച്ചാട്ടം പോലെ ശത്രുക്കളെ തകർത്തുകളഞ്ഞതുകൊണ്ട് ഇട്ട പേരെന്ത്?

**നിബന്ധനകൾ**

ഓരോ ലക്കവും 10 ചോദ്യങ്ങൾ • ശരിയുത്തരം റഫറൻസ് സഹിതം അതാത് മാസം 30-ാം തീയതിക്ക് മുൻപ് അയക്കണം • ജൂൺ 2022 മുതൽ മാർച്ച് 2023 വരെയുള്ള 10 ലക്കങ്ങളിൽ ഏറ്റവും കൂടുതൽ ശരിയുത്തരം അയക്കുന്നവർക്ക് സമ്മാനം ലഭിക്കും • ഒരു വാട്സാപ്പ് നമ്പരിൽ നിന്നും ഒരാൾക്ക് മാത്രമേ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു. • ഗുരുതരമായ അക്ഷരപിശകുകൾ തെറ്റായി പരിഗണിക്കും • ഉത്തരം അയക്കുന്ന ആളുടെ പേരും അഡ്രസ്സും ഉൾപ്പെടുത്തണം • പ്രചാരം മാസികയുടെ എഡിറ്റേഴ്സോ അവരുടെ കുടുംബാംഗങ്ങളോ ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുക്കരുത്. • ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് അന്തിമ തീരുമാനം ചോദ്യകർത്താവിൽ നിക്ഷിപ്തമായിരിക്കും.

# നാദവിസ്മയം ലാറാ...




സ്റ്റാൻലി ജോൺ എന്ന തന്റെ പിതാവിന്റെ കൈയ്യിൽ തൂങ്ങി ലാറ എന്ന മൂന്നാം ക്ലാസ്കാരി ഒരു സായാഹ്ന സവാരിക്കിറങ്ങിയപ്പോൾ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളിലേയ്ക്കാണ് ചുവട്വെയ്ക്കുന്നത് എന്ന് ഒരിക്കലും ചിന്തിച്ചതേ ഇല്ല. ഷാർജയിലെ ഒരു മണി എക്സ്ചേഞ്ച് സംഘടിപ്പിച്ച ലൈവ് ഷോയിൽ പാടുവാൻ ഒരു അഭ്യുദയകാംഷി കുഞ്ഞു ലാറയ്ക്ക് ഒരവസരം ഒരുക്കിയപ്പോൾ, വിടർന്ന മിഴികളോടെ, പലഭാഷക്കാർക്ക് ഇടയിൽ അവൾ ഉച്ചത്തിൽ ഈണത്തോടെ ആലപിച്ചു.. 'ദിസ് ഇസ് മൈ ഡിസയർ റ്റു ഹോണർ യൂ ലോഡ്'....!

ഷാർജ ഇൻഡ്യൻ സ്കൂളിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയായ ലാറയുടെ ശബ്ദം ഇന്ന് സംഗീതപ്രേമികൾക്ക് ചിരപരിചിതമായിക്കഴിഞ്ഞു. എം. ജയചന്ദ്രൻ ചിട്ടപ്പെടുത്തിയ 'മേലെ മാനത്തെ ഈശോയേ' എന്ന വിശ്വപ്രസിദ്ധ ഗാനത്തിന്റെ കവർ വേർഷൻ ആലപിക്കുവാൻ ഏഴാം വയസ്സിൽ തന്നെ ലാറയ്ക്ക് അവസരം ലഭിച്ചു. നാലാം വയസ്സിൽ കർണാടക സംഗീതം അഭ്യസിച്ചു തുടങ്ങിയ ലാറയുടെ ആദ്യ റെക്കോർഡിംഗ് ആയിരുന്നു ഇത്. ഫാനി ക്രോസ്ബിയുടെ നിത്യഹരിത ഗാനങ്ങൾ ലാറയുടെ ശബ്ദമധുരിമയിൽ കോവിഡ് കാലഘട്ടത്തിൽ സംഗീതാസ്വാദകർ പല തവണ ആസ്വദിച്ചു. സ്റ്റേ സേഫ്, സ്റ്റേ ട്യൂൺഡ്, റീപെൻറ് ആൻഡ് ഗെറ്റ് സേവ്ഡ് എന്നീ തലക്കെട്ടുകളിൽ യൂട്യൂബിൽ ലാറയുടെ ശബ്ദസൗകുമാര്യതയിൽ ആലപിച്ച ഗാനങ്ങൾ ആസ്വാദകർ ഒരേപോലെ ഏറ്റുപാടി.

കോവിഡ് നിയന്ത്രണങ്ങളുടെ പരിമിതിയിലും ഓൺലൈൻ പ്രോഗ്രാമുകളിൽ ലാറ സജീവമായിരുന്നു. ലൈവ് റിക്കോർഡിങ്ങുകളും, നിരവധി ക്രിസ്തീയ ടെലിവിഷൻ പരിപാടികളിലും ലാറ പങ്കാളിത്തം അറിയിച്ചു.

ഭാഷാ സ്നേഹിയായ ലാറയ്ക്ക് മലയാളവും ഇംഗ്ലീഷും തമിഴും നന്നായി വഴങ്ങും. ഒപ്പം അറബിയും കൊറിയൻ ഭാഷയും പഠിക്കാനുള്ള ശ്രമത്തിൽ ആണ് ലാറ. വെസ്റ്റേൺ വോക്കൽ പഠനം നടക്കുന്നതിനൊപ്പം, പി ജെ ബേർണി മാഷിന്റെ കൂടെ സംഗീതാഭ്യാസനം ചെയ്യുന്നുണ്ട്. പരസ്യ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള ലാറ, സ്കൂളിന്റെ ഇംഗ്ലീഷ് ലിറ്ററേച്ചർ ക്ലബ്ബിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം കൂടി ആണ്.

ക്രൈസ്തവസംഗീത രംഗത്ത് ഓട്ടേറെ സംഭാവനകൾ ചെയ്ത സ്റ്റാൻലി ജോൺ ആണ് ലാറയുടെ പിതാവ്. ആൻസി മാതാവും യാന സഹോദരിയുമാണ്. ഈ അനുഗ്രഹീത കുടുംബം ഷാർജ ഐ പി സി ചർച്ചിലെ അംഗങ്ങൾ ആണ്.

## സുബോധം ഉണ്ടോ?..... പേജ് 7ൽ നിന്നും തുടർച്ച

ളനം ചെയ്യപ്പെടുന്ന സംഭാഷണങ്ങൾ നടത്തുന്നതുവരെയുള്ള സംഗതികളുടെ പിന്നിൽ പ്രവർത്തിച്ചത് ഇവരായിരുന്നു. ദൈവത്തെ അന്വേഷിക്കുകയും തിരുവെഴുത്തുകൾ പഠിക്കുകയും ചെയ്തിരുന്ന പരീശന്മാരും സദൂക്യരും തങ്ങൾ ചെയ്യുന്നത് നൂറു ശതമാനവും ശരിയായിരിക്കും എന്ന മൂഢവിചാരത്തിൽ ആയിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ്, അവരോട് ക്ഷമിക്കണമേ എന്ന് പിതാവിനോട് പ്രാർത്ഥിക്കുന്നത്. കാരണം അവർ എന്താണ് ചെയ്തത് എന്ന് അവരുടെ മൂഢത നിമിത്തം അവർക്ക് അറിയില്ലായിരുന്നു.

നമ്മുടെ കർത്താവ് കുരിശിൽ പറഞ്ഞ മേൽ ഉദ്ധരിച്ച വാക്കുകളുടെ അർത്ഥം എന്തെന്നാൽ, നാം നമ്മുടെ സ്വന്ത കണ്ണിലൂടെ മനസിലാക്കുന്ന, നൂറു ശതമാനം ശരിയെന്ന് കരുതുന്ന പല കാര്യങ്ങളും ദൈവത്തിന്റെ വീക്ഷണത്തിൽ നൂറു ശതമാനം തെറ്റായിരിക്കാം. അത്തരം കാര്യങ്ങൾ ദൈവം ദയാപൂർവ്വം ക്ഷമിക്കുവാൻ സന്നദ്ധനാകുന്നു. എന്നിരുന്നാലും നമ്മൾ ഏതൊക്കെ കാര്യങ്ങളിൽ അജ്ഞരാണെന്നും അബോധാവസ്ഥയിലാണെന്നും സ്വയം പരിശോധിക്കേണ്ടതുണ്ട്. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ എന്ന് സങ്കീർത്തനം 139:24ൽ പറയുന്നത്പോലെ നമ്മൾ പ്രാർത്ഥിക്കണം. വിശേഷിച്ച്, നാം എന്ത് ചെയ്താലും, നമ്മുടെ അറിവനുസരിച്ചല്ല, കർത്താവിന്റെ ദൃഷ്ടിയിൽ അത് ശരിയാവേണ്ടതിനായി ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഇതറിയുവാനായി ബോധമുള്ള ഹൃദയം നമുക്ക് ഉണ്ടാവണം. കൂടാതെ വേദഗ്രന്ഥങ്ങളിലൂടെയും, മറ്റുള്ളവരിലൂടെയും നമ്മുടെ കുറവുകൾ കണ്ടെത്തി തിരുത്താൻ നമുക്ക് സാധിക്കണം.

# ഉപതെരഞ്ഞെടുപ്പ് ക്രൈസ്തവർക്ക് നൽകുന്ന മുന്നറിയിപ്പ്


മാത്യൂ സി ജോയി
അബുദാബി

കോളിളക്കങ്ങൾക്കും, കോലാഹലങ്ങൾക്കും താത്കാലിക ശമനം. സാഹചര്യങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്തവർ വിജയസോപാനത്തിൽ ഏറി. ഇവിടെ ക്രൈസ്തവർക്ക് പ്രസക്തമാകേണ്ട ഒരു ചോദ്യം തെളിഞ്ഞു നിൽക്കുന്നുണ്ട്. നാം ഒന്ന് മാറി ചിന്തിക്കാറായോ? ഒരു യോജിപ്പിന്റെ ആവശ്യകത നമ്മുക്കിടയിൽ ഉണ്ടോ? നമ്മുടെ ഇടയിൽ തന്നെ പരിഹരിക്കാൻ പറ്റുന്ന ചെറിയ ചെറിയ തിരുത്തുകൾ പർവ്വതീകരിച്ച്, ഇനിയും മറ്റുള്ളവർക്ക് നമ്മെ ദണ്ഡിപ്പിക്കാൻ ഉപയുക്തമായ കോലുകളായി ഏൽപിച്ചു കൊടുക്കാൻ തക്കവണ്ണം കോമാളി വേഷം കെട്ടി ആടണമോ?

ക്രൈസ്തവദർശനങ്ങളുടെ മൂല്യങ്ങളുടെ പ്രദർശന പത്രങ്ങളായിരുന്ന നാം, എന്തേ മറ്റൊരു ഉപദേശത്തിലേക്ക്, വീഷണകോണുകളിലേയ്ക്ക് ആർത്തിയോടെ എത്തിനോക്കുന്നു? ഒരു ക്രൈസ്തവന്റെ ഏറ്റവും വലിയ ധനം പ്രപഞ്ച സൃഷ്ടാവായ ദൈവം അവന്റെ സ്വന്തപിതാവ് എന്ന ധൈര്യം അല്ലേ? സഹജീവികളോടുള്ള സ്നേഹം, വിധേയത്വം, കാരുണ്യം ഇവയൊക്കെ നാലു ഭിത്തികൾക്കുള്ളിൽ ഒതുക്കുവാൻ നാം വ്യഗ്രാകുന്നത് എന്ത്കൊണ്ട്? വില്യം കേറിയെപ്പോലുള്ള, മദർ തെരസ, ഫാദർ ഡാമിയൻ തുടങ്ങിയവർപ്പോലുള്ള ഭക്തർ തങ്ങളുടെ ജീവിതം സമർപ്പിച്ചത് കേവലം മതത്തിനു വേണ്ടി ആയിരുന്നില്ലെന്ന സത്യം നമ്മെ മാറി ചിന്തിക്കുവാൻ വെല്ലുവിളിക്കുന്നു.

ക്രൈസ്തവർ അക്ഷയ ഭൂഷണമായി കരുതുന്ന ജീവിത വിശുദ്ധിയിലേക്കും, നിർമ്മലതയുടെ സമ്പൂർണ്ണതയായ നിസ്വാർത്ഥ സ്നേഹത്തിലേക്കും യഥാർത്ഥമായ ഒരു മടങ്ങിപോക്ക് നമുക്ക് ആവശ്യമല്ലേ? സ്വന്തം പിതാവിന്റെ സന്നിധിയിൽ എന്തും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം വീണ്ടും ഉപയോഗപ്പെടുത്തുവാൻ നമുക്ക് സാധിക്കുമോ? വ്യക്തിപരമായ പ്രാർത്ഥന നമ്മുടെ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവരാൻ നമുക്ക് കഴിയുമോ? കുടുംബ പ്രാർത്ഥനകൾ അഭിഭാജ്യ ഘടകമായി ജീവിതത്തിൽ പിന്നെയും കൂട്ടിച്ചേർക്കുമോ? തലമുറകളുമായി ഒരുമിച്ച് ദൈവസന്നിധിയിൽ ചെലവിടുന്ന ഒരുവനേറയും മക്കൾ ഒരു വശീകരണത്തിലും അകപ്പെടുകയില്ല.

നമുക്ക് ഒന്ന് മാറി ചിന്തിക്കാം. ഇനിയും നിന്ദാപാത്രമാകാതെ ഇരിക്കേണ്ടതിന് നമുക്ക് ഒരുമിച്ച് മതിലുകൾ പണിയാം. നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഢീകങ്ങൾ അല്ല.

## Her Cutest ......... പേജ് 5ൽ നിന്നും തുടർച്ച

her smile like that made my day. Some days ago, she was crying because of the reason her father died. It happened some decades ago... Her room was totally dark with a window and a tailor machine. She loves stitching. A door was kept tilted so that she won't come outside the room. She has forgotten everything, aunty had to show her how to eat and drink and she used to do that. One thing I loved about her was she used to respect food a lot. Before taking a bite, she used to pray and then have it. My mother asked her if she remembered who we were. Sadly she didn't know and tried guessing but failed. You should watch her smile, it's literally the cutest smile ever! After sometime, we went back to our house.

Later that night I thanked god for such a wonderful life. I made sure that I would try my best to make everyday a memorable day and write about all the memories. My mom has told a lot about her and I wish one day she would remember everything again...



# WATCH OUT! BE ON YOUR GUARD



Jacob Varghese
United Kingdom

A 12-year-old boy was a key witness in a lawsuit. One of the lawyers, after intense questioning, asked, “your father told you what to say, didn’t he?” “Yes”, answered the boy. “Now tell us”, pursued the lawyer “what were his instructions?” “Well, replied the boy, “Father told me the lawyers would try to tangle me in my testimony; but if I would just be careful and tell the truth, I could say the same thing every time”. Henry David Thoreau once said, “Rather than love, than money, than fame, give me truth.” Imagine the difference it would make in our world!

There is a great deal of false service by many who profess to serve God but actually want God to serve them. They will give, but they always expect to be repaid. They will help the needy, but it's to keep God from allowing tragedies to befall them. The list could go on and on and would eventually touch every one of us. Why? Because I believe only few really understand the function that finances play in our spiritual lives. It surprises Christians to learn that approximately two-thirds of the parables that Christ used in teaching deal specifically with finances. Christ never said money or material things were problems. He said that they were symptoms of the real problems. He constantly warned us to guard our hearts against greed, covetousness, ego, and pride, because these are the tools that Satan uses to control and manipulate this world. "Then He said to them, ‘Watch out! Be on your guard against all kinds of greed; a man’s life does not consist in the abundance of his possessions' " (Luke 12:15). The world around us tells us, if you don't have the money for what you "need," borrow to get it. If it's too expensive for your income, so what? You deserve it; besides, you have to stretch yourself if you want to be successful in this world.

God's Word tells us to learn to be content and dedicate ourselves to serving God. In Hebrews 12:1 we are told "Let us throw off everything that hinders and the sin that so easily entangles, and let us run with perseverance the race marked out for us." Some very godly people in the Bible were rich. Many Israelites had great wealth, and because of that they were able to provide lavishly for the building of the temple. Yet Christ warned those who are rich to always be on their guard in Luke 12:15-21. "Rich" is a very subjective term and it’s used in a context with having enough money to meet all of your reasonable needs and still have funds left over. Clearly, God's Word teaches that many of His people will fit into this category. God's plan is clearly stated in 2 Corinthians 8:14-15: At the present time your plenty will supply what they need, so that in turn their plenty will supply what you need. Then there will be equality, as it is written: “He who gathered much did not have too much, and he who gathered little did not have too little”. There is a great temptation to trust in the security that a surplus can provide. The greater the surplus, the greater the temptation. That's why those who are rich must guard their hearts and minds with the principles from God's Word.

The greatest need in our generation is for God's Word to be taught clearly and undiluted. The next greatest need is for Christians who will demonstrate that it works. We can be thankful for what some wealthy Christians do with their money. I know a family who gives thousands of rupees to Christian causes each month. What good their riches accomplish! The fact remains, however, that not all of us can be trusted with great wealth. So don’t set your heart on it. Instead, thank God for what you have, and be content. Then faithfully honour Him with what He has given you. An American tourist travelled to Poland once to visit with a respected religious teacher who was known for his wisdom. The visitor noticed that the man’s room had nothing but a table, a chair and some books. Puzzled by such graveness, he asked, “Where is your furniture?” The teacher answered, “My furniture? Where is your furniture, my friend?” The American protested, “Furniture? But I am only a tourist passing through.” “So am I”, said the man. And so are all of us. Because it’s true that we are just passing through this world, we need to learn to loosen our grip on our earthly possessions and riches.

A business friend of mine once asked me, "Do you think it’s possible to be totally honest in our business today?" He went on to explain that he didn't purposely cheat anyone, but even when "negotiating" a sale the common practice was for the seller to begin at a price higher than desired, knowing that the buyer always started with a price lower than acceptable. As I considered his question, I realized what he had asked must be a conscious thought on the hearts of many sincere Christians: "Can we truly be honest, and if so at what cost?” The Lord says in Luke 16:10, "Whoever can be trusted with very little can also be trusted with much, and whoever is dishonest with very little will also be dishonest with much." The small thing to which the Lord is referring is money. Naturally, this also includes the pursuit of money.

There is no doubt that in the short span of time, a deceitful person will seem to prosper. But it doesn't take long for others to recognize this person’s attitude. We must remember that Satan does have limited authority over this earth but can indeed provide riches. The problem with his supply is that it is always accompanied by fear, anxiety, anger, greed, and resentment. The biggest loss associated with following the worldly path is the loss of God's full blessings. God declares in Luke 16:11 "If you have not been trustworthy in handling worldly wealth, who will trust you with true riches?" Can Christians be honest in our society? We are in the midst of a materialistic storm today, and every Christian must decide whether to build upon the solid rock of God's Word or the shifting sands of society. You cannot serve both God and money" (Luke 16:13). Each Christian must come to the position

# Her Cutest Smile





V. Lohitha Sakku.
New Delhi.

This is a story that happened some weeks ago.

It was a rainy day. Me and my mother went to buy groceries from the nearby store at around 7 pm. Me and my mother shared an umbrella... It was really dark and we were simply chatting when we stopped near a house. A house with red bricks many plants. The aunty in the house loved plants a lot. There was a mango tree right in front of their house and they were red in colour. I could see a granny through the window sitting in a dark room and watching something. "I hope you remember that granny sitting there baby..." said my mother.

"Of course I do, how can I forget? When I was 9 years old, I used to go and play with my cousins at my cousin's house and she used to call me and talk to me." After a pause I said, "She used to wear a white top and a blue checked lungi. She roams around and used to collect some fire woods." My mother was glad that I remembered her. Even after visiting Kerala every year, I never thought about her. Sometimes I used to think why she is not coming out of her home. "She has lost her memory dear..." said mother. I didn't know how to react. While we reached the shop, we decided to buy something for her. She loves cakes and biscuits a lot. So we thought to buy something for her and before going back to our house, we visit her. After buying the items, we reached their house. There were stairs leading to her house. We got inside and aunty came out of the kitchen to look who it was. We greeted her and I gave granny the polybag with biscuits, marble cake and some more items. She was so happy and looking

ശേഷം പേജ്: 4ൽ

# The unique task



Rev. Sunil Edapparambil
BA, BTh, BD, MTh
Presbyterian of the Anglican Church of India,
Vicar : Ebenezer Parish Charalkunnu,
Director :Compassionate Autism Children's Care Center
Chief Editor: Kerala Children
Teacher: ATS Major Seminary

Sociologists have called human being a social animal and thinking animal. But human beings are more than animals not because they socialize or think but because they are created in the image of God. They are the crown of God's creation with commitment and responsibilities towards their creator and the fellow beings. This is quite evident in God's commandment to Adam and Eve as recorded in the book of Genesis. Human beings occupy the highest place in God's creation. The psalmist has put it so beautifully in Psalm 8:5-8. This underlines the fact that how God has brought everything under the domination of human beings. However this has to be understood more as a responsibility than as exercising domination and authority. It is fulfilling the God-given responsibility towards God himself and His creation. It is from here that we derive our understanding of stewardship. In our contemporary Indian context the theme stewardship provides two important insights with regard to our Christian commitment and responsibility.

The first insight that stewardship provides is our responsibility and commitment to the proclamation of the gospel. Paul understands it as the stewardship of the mysteries of God (cf. 1 Cor. 4:1). What Paul means to say is that every preacher of the gospel is a steward of the mystery of God. This is a responsibility that every follower of Christ is called to fulfill. But this is not without its share of pain and struggle particularly in the context of current political and social situations in India. Yet it is our primary responsibility as stewards of God to proclaim the Gospel of Christ even in the midst of most difficult situations of life. For the call of Christ is not to gain life but to lose it for His sake (Lk 9:23-24). This reminds us of the words of the famous German theologian Dietrich Bonhoeffer. "When Christ calls a man he bids him come and die".

History shows us examples of people who have sacrificed their lives for the gospel of Christ. The account of Bishop Polycarp's death is the earliest extant of Christian martyr ology. The civil authorities importuned thebishop to apologize because of his age, but he replied suddenly, "I have served Christ eighty six years and he has done me no wrong. How can I blaspheme my King? I am a Christian". Miraculously the flames did not harm him, so he was dispatched with dagger, and then burned, Polycarp was prepared to give up his life for the sake of faith and not his faith for the sake of his life. He was truly a steward of Christ who demonstrated his commitment to Christ even at the point of death. The story of Graham Staines and his two sons is really touching. Staines and his little children were brutally murdered because they bore witness to the gospel of Christ. The perpetrators of this heinous act did not see the long 34 years of selfless service that Staines did among the poor lepers. The story of the mighty warriors of the Gospel and their struggles continue in annals of history. They were stewards of Christ who responded to the call of Christ and took their responsibility seriously. Nothing deterred them from their commitment to Christ. They proclaimed the message of salvation even risking their own lives.

The second insight that stewardship provides is our responsibility and commitment to our society. Christians have often been accused of shying way from their responsibility to the country. Although we cannot accept this in its entirety there is some truth in it. Many Chritians think that involvement in issues of social concern is against Christian faith, but it is not. There are areas of social concern where Christian participation is possible without diluting Christian convictions. Jesus showed His concern for the poor, the needy and the downtrodden of His times. He identified with the weak and the marginalized in the society. Jesus did much of His ministry among the Galileans who were despised by Judeans (John 7:1-). Jesus was accused of associating with publicans and sinners (Matt 9:11, Lk 5:29-30). He healed lepers, who were away from the injustice, which was prevailing at that time, and challenged the hypocrisies of the religious and social elites (LK 11:45,46). So, Christ offers the true model for Christian stewardship.

Our contemporary society is also similar to the Society of Jesus times in many ways. We see all around us so many social evils perpetrated by the rich and the powerful. India is a country with vast resources yet there are millions of people living very deplorable situations. In spite of being one of the largest producers of food grains, millions die of hunger in India and many more millions live below poverty line. Our country is one of the ancient civilizations yet we continue to practice caste system. India is known as the country of great learned men like Kalidasa, Surdas, Meera Bai, Rabindranatha Tagore and Raja Ram Mohan Rai yet it is home for millions of illiterate. India is land of men of great ideals like Mahatma Gandhi, Jawaharlal Nehru and B. R. Ambedkar yet ours is one of the most corrupted countries in the world. These situations are created by the unjust social systems.

This is the situation of our country where we are called to fulfill our God given task, to be stewards of the kingdom of God. It is important that we reflect on our Christian response to such situations of life. Perhaps we need to explore ways for our involvement in issues of social concern. This is part of our Christian stewardship. If Christ spoke against injustice and social evils of his times, his followers cannot but follow in his footsteps.

Let me conclude with the words of Arch Bishop Desmond Tutu, the brave and eloquent Arch Bishop who struggled against apartheid in South Africa. ".. There is nothing the government can do to me that will stop me from being involved in what I see injustice. I cannot keep quiet. I will not keep quiet, for, as Jeremiah says, when I try to keep quiet, God's word burns like a fire in my breast. But what is it that they can ultimately do? The most awful thing that they can do is to kill me, and death is not the worst thing that can happen to a Christian." The words of Bishop Tutu Underline the need for a Christian response to injustice and suffering. It is not an easy task; yet it is also our responsibility to know what ought to be our response. Our commitment to Christ reflects our commitment to the world where we serve him. As true stewards of Christ we are called not only to proclaim the message of salvation and forgiveness of sins but also to work towards bringing wholeness (Shalom) in our society. This is a unique task to which we are called as God's stewards.

## ഇന്റർസിറ്റി.... പേജ് 1ൽ നിന്നും തുടർച്ച

ബസ് സർവ്വീസുകൾ നിർത്തിവച്ചിരുന്നത്.

ജുമൈറ ഗോൽഫ് എസ്റ്റേറ്റ്സ് മെട്രോ സ്റ്റേഷനിൽ നിന്ന് മെയ് 19 ഉതൽ ഒരു പുതിയ റൂട്ടും അതോറിറ്റി ആരംഭിക്കുന്നുണ്ട്. എഫ്38 എന്ന് പേരിട്ടിരിക്കുന്ന മെട്രോ ലിങ്ക് ദുബായ് സ്പോർട്ട്സ് സിറ്റി വരെ കടന്നുപോകും. രാവിലെ 6 മണിക്ക് ആരംഭിക്കുന്ന സേവനം അടുത്ത ദിവസം 12:30 രാവിലെ വരെ നീളും.

## പാസ്റ്റർ സതീഷ് മാത്യു.... പേജ് 1ൽ നിന്നും തുടർച്ച

എ.; മദ്രാസ് സർവ്വകലാശാലയിൽ നിന്നും എം. എ. എന്നിവ കരസ്ഥമാക്കിയ പാസ്റ്റർ സതീഷ്, തിരുവല്ല ഗോസ്പൽ ഫോർ ഏഷ്യാ ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും എം.ഡിവും, കോട്ടയം ഐ.ബി.റ്റി.എസ്. സെമിനാരിയിൽ നിന്നും ഡോക്ടർ ഓഫ് മിനിസ്ട്രിയും നേടിയിട്ടുണ്ട്. വാഗ്മിയും, പ്രഭാഷകനുമായ ഇദ്ദേഹം തിരുവല്ല, പാലക്കാട്, നിലമ്പൂർ, എറണാകുളം തിരുവനന്തപുരം എന്നിവിടങ്ങളിലും, കർണ്ണാടകയിലെ തുംഗൂറിലും സഭാപരിപാലനം നിർവ്വഹിച്ചിട്ടുണ്ട്. ജിൻസി മാത്യു ഭാര്യയും, സ്റ്റെഫാൻസൺ മാത്യു, സ്റ്റെഫിൻ മാത്യു എന്നിവർ മക്കളും ആണ്.

# ചിറകുണ്ടായിരുന്നു എങ്കിൽ!



പാസ്റ്റർ സാം അടൂർ
ചർച്ച് ഓഫ് ഗോഡ്, അജ്മാൻ

## ധ്യാനചിന്ത

വായനാഭാഗം : സങ്കീർത്തനം 55:1–8

ചിന്താഭാഗം : പ്രാവിനുള്ളതുപോലെ എനിക്ക് ചിറകുണ്ടായിരുന്നുവെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു.

എല്ലാവർക്കും പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ട്. അത് ഓരോരുത്തർക്കും വ്യത്യാസപ്പെട്ടിരിക്കും എന്നു മാത്രം. അവയോടുള്ള പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിത്വങ്ങളെ വിലയിരുത്താം. ബാലിശമായതും പക്വതയുള്ളതുമായ തീരുമാനങ്ങൾ ഏതെന്ന് അവിടെ നമുക്ക് മനസിലാക്കാം.

പ്രശ്നങ്ങളോ പ്രതിസന്ധികളോ ജീവിതത്തിൽ നേരിടുമ്പോൾ അവയെ മൂന്നു വിധത്തിൽ നേരിടാമെന്ന് ഞാൻ എവിടെയോ വായിച്ചത് ഓർക്കുന്നു. അവ ഇങ്ങനെ ആണ്: ഓടിപോവുക, വിസ്മരിക്കുക, നേരിടുക. ഓടിപോകുന്നവരാണ് അധികവും. അതിനു ഇംഗ്ലീഷിൽ escapism എന്ന് പറയും. ഏതെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ വീട് വിട്ട് പോകുന്നവരെ നാം കാണാറില്ലേ. പ്രശ്നം മറക്കാനുള്ള ഉദ്ദേശത്തോടെ മദ്യപാനത്തിന്റെ വഴി തിരഞ്ഞെടുക്കുന്നവരുമുണ്ട്.

ചിലർ സ്വപ്നലോകത്തേയ്ക്ക് പാലായനം ചെയ്യുന്നു. യാഥാർത്ഥ്യങ്ങളെ നേരിടാതെ സങ്കൽപ ലോകത്തിൽ ചരിച്ച് ദിവാസ്വപ്നങ്ങളിൽ മുഴുകികഴിയാൻ താൽപര്യപ്പെടുന്നു. നമ്മുടെ കുറിവാക്യത്തിൽ ദാവിദും അപ്രകാരം ചിന്തിക്കുന്നു. പലപ്പോഴും ജീവിതത്തിൽ ഒറ്റപ്പെടുമ്പോൾ, എല്ലാ വഴികളും അടയുന്നു എന്ന് അറിയുമ്പോൾ ഒരു ഒളിച്ചോട്ടം നമ്മളിൽ പലരും ചിന്തിച്ചിട്ടില്ലേ?

ജീവിതത്തിൽ ഈ ഒറ്റപ്പെടൽ, ഏകാന്തമായ അനുഭവങ്ങൾ വരുമ്പോൾ ദൈവം കൂടെയുണ്ടെന്ന് ആദ്യം മനസിലാക്കുക. ദൈവവചനത്തിൽ അപ്പസ്തോലനായ പൗലോസ് തന്റെ അനുഭവം വിവരിക്കുന്നത് ഇപ്രകാരം ആണ്: 'എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്ക് തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു; അതു അവർക്കു കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്ക് തുണനിന്നു, പ്രസംഗം എന്നെക്കൊണ്ട് നിവർത്തിപ്പാനും സകലജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു. അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽ നിന്നു രക്ഷപ്രാപിച്ചു" (1 തിമൊ 4:16,17)

ജീവിതത്തിൽ അനാഥമായ അവസ്ഥയിൽ ചോദിക്കുന്ന ഒരു ചോദ്യമാണ്, ദൈവം എവിടെ? ദൈവം നമ്മുടെ ചാരെയുണ്ട്, നാം അത് തി രിച്ചറിയുന്നില്ലെങ്കിലും. അവിടുന്ന് നമുക്ക് ഉറപ്പ് തരുന്നു: "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്" (മത്തായി 28:20)

ഏകാന്തത–ദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ പറ്റിയ സമയമാണ്. ദൈവത്തിൽ മാത്രം ദൃഷ്ടിപതിപ്പിക്കുവാൻ പറ്റിയ സമയം. ആ അവസ്ഥയ്ക്ക് ഉചിതമായ മറുമരുന്ന് പ്രാർത്ഥനയാണ്. ദിവസത്തിന്റെ 24 മണിക്കൂറും തുറന്ന കണ്ണും കാതുമായി ദൈവം നമ്മുടെ അരികിലുണ്ട് (സങ്കി 34:15). നിങ്ങൾക്ക് ഏത് സമയത്തും, ഏതു സ്ഥലത്തു വെച്ചും ദൈവത്തോട് "ദൈവമേ ഞാൻ ഒറ്റപ്പെട്ടിരിക്കുന്നു, മുറിവേറ്റിരിക്കുന്നു, എന്റെ ഹൃദയം തകർന്നിരിക്കുന്നു, ദൈവമേ എന്നെ സഹായിക്കണേ" എന്ന് തുറന്നു പറയുവാൻ കഴിയും. ദൈവം നമ്മുടെ പ്രാർത്ഥന കേട്ട്, സാഹചര്യം അറിഞ്ഞ് പ്രവർത്തിക്കുവാൻ സർവ്വശക്തനാണ്.

ദാവിദ് വേറൊരു സങ്കീർത്തനത്തിൽ ഇപ്രകാരം പറയുന്നു "നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേയ്ക്ക് പോകും? തിരുസന്നിധിവിട്ട് ഞാൻ എവിടേക്ക് ഓടും?" (സങ്കീ:139:7) എവിടേയ്ക്കും പോകാൻ കഴിയുകയില്ല. കാരണം ദൈവസന്നിദ്ധ്യം ഇല്ലാത്ത ഒരു സ്ഥലവും ഭൂമിയിൽ ഇല്ല. താങ്കൾ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുന്ന ആളാണോ? എങ്കിൽ കർത്താവ് താങ്കളോട് ഒപ്പമുണ്ട്. ആ തിരിച്ചറിവിൽ മുൻപോട്ട് നീങ്ങുവാൻ ദൈവം താങ്കളെ സഹായിക്കുമാറാകട്ടെ.

# സുബോധം ഉണ്ടോ?



പാസ്റ്റർ ജോസ് വർഗീസ്
ഐ പി സി മൂവാറ്റുപുഴ

'എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ എന്ന് പറഞ്ഞു' ലൂക്കോ 23:34.

യേശുക്രിസ്തു ക്രൂശിൽ വെച്ച് ആദ്യമായി സംസാരിച്ച മൊഴി. യേശു ക്രിസ്തുവിന്റെ കുരിശുമരണത്തിന് കാരണം ആരാണ്? അല്ലെങ്കിൽ എന്തിനാണ്? ഉത്തരം യെശയ്യാവ് 53:4ൽ കാണാം. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന് നിങ്ങളും ഞാനും ഉൾപ്പെടുന്ന ഈ ലോകത്തിലെ സകല ജനവും ഉത്തരവാദികൾ ആണ്.

അതേസമയം യേശുക്രിസ്തു ക്രൂശിക്കപ്പെടുമ്പോൾ, പിതാവേ ഇവരോട് ക്ഷമിക്കൂ, ഇവർ ചെയ്യുന്നത് ഇവർക്ക് അറിയില്ല എന്ന് ആർക്കു വേണ്ടിയാണ് മദ്ധ്യസ്ഥത വഹിച്ചത്? യേശുവിനെ ക്രൂശിക്കാൻ പ്രവർത്തിച്ച, തന്റെ അങ്കിക്കായി ചീട്ടിട്ട റോമൻ പടയാളികൾ യേശുവിന്റെ പ്രാർത്ഥനയിലെ പ്രമുഖരാണ്. അവരുടെ തൊഴിൽ ചെയ്യുന്ന ലാഘവത്തോടെ അവർ അവന്റെ ക്രൂശീകരണം നിർവ്വഹിച്ചു. കൂടാതെ അന്നത്തെ യഹൂദർ യേശുവിനെ പഴിച്ചവരിൽ മുൻനിരയിൽ ഉണ്ടായിരുന്നവർ ആണ്. പ്രത്യേകിച്ച് പരീശന്മാരും സദൂക്യരും ബോധപൂർവ്വം കുറ്റമില്ലാത്തവനെ ക്രൂശിക്കുവാൻ കച്ചകെട്ടി പ്രയത്നിച്ചവരാണ്. യൂദാസ് ഇസ്കരിയോത്തിനു പണം നൽകുന്നതു മുതൽ, പീലാത്തോസിനെ ധർമ്മസങ്കടത്തിൽ ആക്കുംവിധം മസ്തിഷ്കക്ഷാ

ശേഷം പേജ്: 4ൽ

# പ്രചാരം

പ്രസക്തം★പ്രസ്താവ്യം★പ്രതിപാദ്യം

For Correspondence:

Email : pracharamc@gmail.com

10th June 2022 | Volume - 01 | Issue -02






# ഇഷ്ടാനിഷ്ടങ്ങളിലെ ദൈവേഷ്ടം


റിറ്റു ജിജോ
ഹൈദ്രാബാദ്


അന്ന് പതിവിലും നേരത്തെ അബ്രഹാം എഴുന്നേറ്റു. കഴിഞ്ഞുപോയ ദിനങ്ങളിലെ ഇഷ്ടങ്ങളും, അനിഷ്ടങ്ങളും എല്ലാം ഒരു മങ്ങിയ ഓർമ്മ. എങ്കിലും തന്റെ ജീവിതത്തിലെ സുഖദുഃഖ അനുഭവങ്ങൾ ഓർമ്മയിൽ നിന്നും ദൂരെ പോയെങ്കിലും ഇന്ന് താൻ വന്ന് നിൽക്കുന്നത്, സാധാരണ മനുഷ്യജീവിതത്തിൽ സംഭവിക്കുന്നത് പോലെ, ജിവിത പ്രതിസന്ധികളിൽ ഏത് തിരഞ്ഞെടുക്കണം, ഏത് തള്ളികളയണം എന്ന വല്ലാത്ത അവസ്ഥയിലാണ്. രണ്ട് ഇഷ്ടങ്ങൾക്കും നടുവിൽ ഒരിഷ്ടത്തെ അനിഷ്ടമാക്കാൻ വേണ്ടി തീരുമാനം എടുക്കുന്ന അബ്രഹാമിനെ നമുക്ക് കാണാൻ കഴിയുന്നു. നമ്മുടെ ജീവിതത്തിൽ എന്ത് ചെയ്യണം എന്നറിയാതെ ഒരു നാൽക്കവലയിൽ എത്തപ്പെട്ട സാഹചര്യം സംജാതമാകാറുണ്ട്. ഇവിടെ അബ്രഹാം തന്റെ രണ്ട് മക്കളിൽ ദൈവം വാഗ്ദത്തം ചെയ്ത തലമുറക്കു വേണ്ടി, തന്നിലൂടെ മുൻപേ ഈ ഭൂപരപ്പിൽ സംജാതമായ, ഒരു കാലത്ത് താൻ സ്നേഹിച്ച ആ ഇഷ്ടത്തെ തള്ളി കളഞ്ഞുകൊണ്ട്, യിസഹാക്കിനുവേണ്ടി ഈ ഇഷ്ടത്തെ പുറത്താക്കുന്നു.

അങ്ങനെ അബ്രഹാം തന്റെ ദാസിയായ ഹാഗാറിനെയും, അവളിൽ ജനിച്ച യിസ്മായേൽ എന്ന മകനേയും പുറത്താക്കി. ഒരു തുരുത്തി വെള്ളവും കുറച്ച് അപ്പകഷണങ്ങളും കൊടുത്ത് അവരെ പറഞ്ഞയച്ചു. കഴിഞ്ഞ കാലങ്ങളിൽ സന്തോഷത്തോടെ കഴിഞ്ഞുകൂടിയ താൻ നിനയ്ക്കാത്ത സമയത്ത് തന്റെ സാഹചര്യങ്ങൾ വിട്ടു, വീട് വിട്ടു, തനിക്ക് ലഭിച്ച പരിഗണനയും, തന്റെ മകന്റെ അവകാശങ്ങളും വിട്ടു പുറത്തു പോകണം എന്ന തീരുമാനത്തിൽ പകച്ചു നിൽക്കുന്ന ഹാഗാറിന്റെ മാനസികാവസ്ഥ ഇവിടെ ഏറെ ശ്രദ്ധേയമാണ്.

അങ്ങനെ അവൾ ആ മകനുമായി എങ്ങോട്ടെന്നറിയാതെ, പ്രതീക്ഷയ്ക്ക് വകയില്ലാതെ ജിവിതത്തിന്റെ കനൽ വഴികളിലേയ്ക്ക് പാദങ്ങൾ ഊന്നി. ബേർശേബാ മരുഭൂമിയിൽ ഉഴന്നു നടന്നു. അങ്ങനെ തന്റെ മകന്റെ മരണം കാണുന്നത് ഇഷ്ടമില്ലാത്ത ഹാഗാർ വളരെ വേദനയോടെ ഇരുന്നു ഉറക്കെ കരയുമ്പോഴും, തന്റെ ഇഷ്ടങ്ങൾക്കപ്പുറമായി ഒരു ദൈവീക ഇഷ്ടം ഉണ്ടെന്നുള്ളത് ആഗ്രഹിക്കാനോ, ചിന്തിക്കാനോ അത് അന്വേഷിക്കുവാനോ ഉള്ള മനസാന്നിദ്ധ്യം കാണിക്കുന്നില്ല. ഇവിടെ അബ്രഹാമിന്റെയും സാറായുടെയും ഹാഗാറിന്റെയും ഇഷ്ടങ്ങൾക്കപ്പുറം ആയിരുന്നു ദൈവത്തിന്റെ ഇഷ്ടം.

ഒരുപക്ഷെ ലോകം മുഴുവൻ നമ്മെ കളഞ്ഞാലും, ഉപേക്ഷിക്കപ്പെട്ടാലും മറ്റുള്ളവരുടെ കണ്ണിന് അനിഷ്ടമായാലും, ദൈവത്തിന് നമ്മിലുള്ള ഇഷ്ടത്തിന്റെ ഒരു പദ്ധതി ഉണ്ടെന്നുള്ള കാര്യം ഒരു ദൈവപൈതൽ വിസ്മരിച്ചു കൂടാ. എന്നാൽ ദൈവിക ഇഷ്ടങ്ങൾക്ക് പ്രാധാന്യത കൽപ്പിക്കാതെ, അവരവരുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകുമ്പോൾ, ദൈവം അവരിലൂടെ പദ്ധതി ഇടുന്ന സൗഭാഗ്യങ്ങളുടെ നിർദ്ധാക്ഷണ്യ തിരസ്ക്കരണം ആണത്.

നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ, ദൈവേഷ്ടത്തിന് അനുരൂപമാണോ എന്ന തിരിച്ചറിവ് നാം പ്രാപിച്ചാൽ, ദൈവാനുഗ്രഹങ്ങളുടെ കലവറയുടെ ഒഴുക്കിനെ തടയാൻ ഒരു മാനുഷിക ഇഷ്ടാനിഷ്ടങ്ങൾക്കും കഴിയില്ല.

(സ്വകുടുംബത്തോടൊപ്പം പ്രേക്ഷിത വേലയിൽ ഹൈദ്രാബാദിൽ ആയിരിക്കുന്ന സിസ്റ്റർ റിറ്റു ജിജോ സി.എം.എഫ്.-ന്റെ വയനാട് കോർഡിനേറ്ററായും സേവനമനുഷ്ഠിക്കുന്നു.)


ലേഖനങ്ങളും, കഥകളും, കവിതകളും, ഭാവനകളും, അനുഭവങ്ങളും അയച്ചു തരൂ. വരും ലക്കങ്ങളിൽ പ്രസിദ്ധീകരിക്കാം.

pracharamc@gmail.com





# അറിയാനും പറയാനും

## ആധാർ മുന്നറിയിപ്പ് പിൻവലിച്ചു

ആധാർ കാർഡിന്റെ പകർപ്പ് കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര ഐ.റ്റി. മന്ത്രാലയം പുറത്തിറക്കിയ മുന്നറിയിപ്പ് പിൻവലിച്ചു. തെറ്റിദ്ധരിക്കുവാൻ സാദ്ധ്യത ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചാണ് നടപടി. ആധാർ കാർഡിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് കൈമാററുത് എന്നായിരുന്നു പ്രാഥമിക നിർദേശം. ആധാർ വിവരങ്ങൾ പങ്കുവെക്കുമ്പോൾ സാധാരണ മുൻകരുതലുകൾ കൈക്കൊണ്ടാൽ മതിയെന്നാണ് പുതിയ അറിയിപ്പ്. ആധാർ കാർഡിൽ വ്യക്തി സ്വകാര്യത സംരക്ഷിക്കാൻ ആവശ്യമായ സൗകര്യങ്ങൾ നിലവിൽ ഉണ്ടെന്നും മന്ത്രാലയം അറിയിച്ചു.

യുണീക്ക് ഐഡൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും യൂസർ ലൈസൻസ് നേടിയ സ്ഥാപനങ്ങൾക്ക് മാത്രമേ ഒരു വ്യക്തിയുടെ തിരിച്ചറിയൽ വിവരങ്ങൾക്കായി ആധാർ ഉപയോഗിക്കാൻ അനുമതി ഉള്ളുവെന്നും, ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ആധാർ കാർഡുകളുടെ പകർപ്പ് നൽകാൻ പാടുള്ളു എന്നും മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. ആധാർകോപ്പി നൽകുന്നതിനു പകരം, ആധാറിന്റെ അവസാന നാലക്കം മാത്രം പ്രദർശിപ്പിക്കുന്ന ‘മാസ്ക്ഡ് ആധാർ” ഉപയോഗിക്കുവാനും നിർദേശിച്ചിരുന്നു. നിയമവിരുദ്ധമായി ആധാർ കൈവശം വെയ്ക്കുന്നത് ആധാർ ആക്ട് 2016 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാകുമെന്നും മന്ത്രാലയം വ്യക്തമാക്കിയിരുന്നു. ഈ മുന്നറിയിപ്പുകളെല്ലാം ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ മന്ത്രാലയം പിന്നീട് പിൻവലിക്കുകയായിരുന്നു.




# ഇവർ നയിക്കും



President
Joel S Chacko



Vice President
Joel Mathews



Secretary
Samuel P A



Jt Secretary
Kezhia Sara Shaji



Treasurer
Nithin Saji



Publicity Cordinator
Abraham Paul



News Cordinator
Angel Godwin Susy

## ഔദ്യോഗിക ഉത്ഘാടനം 2022 ജൂൺ 18